# ഹോളിഫാമിലി യു. പി. എസ്.

## താബോർ



## അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

മൂക്കന്നൂർ പഞ്ചായത്തിലെ പ്രകൃതിരമണീയമായ കുന്നിൻപുറത്ത് സ്ഥിതി ചെയ്യുന്ന താബോർ ഹോളിഫാമിലി യു.പി. സ്കൂൾ ഈ പ്രദേശത്തിന്റെ സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ വളർച്ചയിൽ ഒരു പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ആയിരത്തിത്തൊള്ളായിരത്തി അമ്പതുകളിൽ ഈ പ്രദേശത്ത് കുടിയേറ്റ മേഖലയായി കൂടുതൽ ആളുകൾ താമസിച്ചപ്പോൾ പള്ളിയുണ്ടായി പള്ളിയോടുചേർന്ന് പള്ളിക്കൂടമുണ്ടായി.

ത്വരിതഗതിയിലായിരുന്നു വിദ്യാലയത്തിന്റെ വളർച്ച. ഒരുപാടുപേർ ഇവിടെ നിന്ന് വിദ്യാഭ്യാസം നേടി ഉന്നതസ്ഥാനങ്ങളിലെത്തിയിട്ടുണ്ട്. അങ്കമാലി സബ് ജില്ലയിലെ തന്നെ ഒരു പ്രധാന യു.പി. സ്കൂളായി.

### പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസുകളിൽ പഠനശേഷികൾ ലഭിച്ചുവെന്ന് ഉറപ്പ് വരുത്തുക.
2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും, കായികവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് നല്ല പൗരന്മാരായി വളർത്തുക.
3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തുക.
4. അധ്യാപനവും അധ്യയനവും രസകരവും സർഗ്ഗാത്മകവുമാക്കുക.
5. പഠനത്തോടൊപ്പം നല്ല മനോഭാവവും വളർത്തുക. നല്ല പൗരന്മാരായി വളരുക.

## നിലവിലെ അവസ്ഥ വിശകലനം

### ഭൗതികം - നേട്ടങ്ങൾ

സയൻസ് ലാബും കമ്പ്യൂട്ടർ ലാബും നല്ലൊരു ലൈബ്രറിയും സ്കൂളിലുണ്ട്. കൃഷിഭവന്റെ സഹായത്തോടെ നല്ല ഒരു പച്ചക്കറിത്തോട്ടം നട്ട് പരിപാലിച്ച് പോരുന്നു. അതിൽ നിന്നുള്ള പച്ചക്കറികൾ ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുന്നു. അമ്പതിലേറെ ഇനം ഔഷധസസ്യങ്ങളുള്ള ഒരു തോട്ടം ഉണ്ട്.

### ഭൗതികപരിമിതികൾ

ക്ലാസ് മുറിയിൽ ഫാനില്ല, നല്ല അടുക്കള ഇല്ല, വാഹനം ഇല്ല, തറ ടൈൽ വിരിച്ചാൽ നന്നായിരുന്നു. ഒരു ക്ലാസെങ്കിലും സ്മാർട്ട് ക്ലാസ് റൂം വേണം.

### അക്കാദമികം - നേട്ടങ്ങൾ

വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ കുട്ടികൾ പങ്കെടുക്കുന്നുണ്ട്. സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുത്ത എല്ലാ കുട്ടികളും സ്കോളർഷിപ്പിന് അർഹരായി. കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ചതും ഈ സ്കൂളിൽ നിന്നാണ്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| ❖ ഭാഷാശേഷി വികസനം<br>❖ ഗണിതശേഷി വികസനം<br>❖ ഇംഗ്ലീഷ് പഠനപരിപോഷണം<br>❖ ശാസ്ത്രപോഷണ പരിപാടി<br>❖ വായനാപരിപോഷണം<br>❖ ലൈബ്രറി ശാക്തീകരണം<br>❖ ലബോറട്ടറി ആധുനികവത്കരിക്കൽ<br>❖ ജൈവവൈവിധ്യ പാർക്ക്<br>❖ സാഹിത്യപോഷണ പരിപാടികൾ<br>❖ പഠനയാത്രകൾ<br>❖ കലാകായിക പ്രവൃത്തി പരിചയമേള<br>❖ ഐ.ടി.പരിശീലനം<br>❖ ക്ലാസ് പി.ടി.എ. സജീവമാക്കൽ.<br>❖ സ്കൂൾ പത്രം/മാസിക<br>❖ എസ്.ആർ.ജി. ശാക്തീകരണം<br>❖ പച്ചക്കറിത്തോട്ടം<br>❖ അഭിമുഖങ്ങൾ<br>❖ മെഡിക്കൽ ക്യാമ്പ്<br>❖ ടേം മൂല്യനിർണയം നിരന്തര വിലയിരുത്തൽ<br>❖ ദിനാചരണം<br>❖ കായികപഠനം<br>❖ ഗവേഷണാത്മകമായ പ്രവർത്തനം | ❖ കുടിവെള്ള വിതരണം<br>❖ മാലിന്യസംസ്കരണം<br>❖ ജന്മദിനത്തിന് ഒരു പുസ്തകം<br>❖ കളിയുപകരണം<br>❖ ചിത്രരചന<br>❖ എന്റെ ചെടി എനിക്കും പറയാനുണ്ട്.<br>❖ ഭാഷോത്സവം<br>❖ ഗണിതോത്സവം<br>❖ മെട്രിക്മേള<br>❖ ബയോഗ്യാസ് പ്ലാന്റ്<br>❖ ഐ.സി.ടി. സൗകര്യം<br>❖ ലാംഗ്വേജ് ലാബ്<br>❖ ഔഷധത്തോട്ടം | ❖ പി.ടി.എ. ശക്തിപ്പെടുത്തൽ<br>❖ വിദ്യാലയ വികസന സമിതി<br>❖ പൂർവ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>❖ ക്ലാസ് പി.ടി.എ. മാതൃകാപരമാക്കും<br>❖ വിദ്യാലയ മികവ് സമൂഹവുമായി പങ്കുവയ്ക്കും.<br>❖ വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുവേണ്ടി പ്രയോജനപ്പെടുത്തും.<br>❖ ഭവനസന്ദർശനം<br>❖ പി.ടി.എ., എം.പി.ടി.എ. സർഗ്ഗോത്സവം |

| വിഷയം - മലയാളം | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | ഗ്രന്ഥശാല ശാക്തീകരണം | ലൈബ്രറി പുസ്തകം വായിച്ച് വായനാക്കുറിപ്പ് എഴുതുന്നു. | ആഴ്ചയിൽ 2 ദിവസം | ക്ലാസ്ടീച്ചർ | രക്ഷകർത്താവ് |
| 2. | പ്രസംഗക്കളരി നടത്തുന്നു | കുട്ടികൾ മലയാളം അക്ഷരസ്പുടതയോടെ സംസാരിക്കുന്നു | ആഴ്ചയിൽ ഒരിക്കൽ | ക്ലാസ്ടീച്ചർ | - |
| 3. | പത്രം നിർമ്മിക്കുന്നു | കുട്ടികൾ തെറ്റ് കൂടാതെ എഴുതാൻ പഠിക്കുന്നു | രണ്ട് ആഴ്ചയിൽ ഒരിക്കൽ | HM, മലയാളം ടീച്ചർ, PTA | PTA |
| 4. | പത്രവായന | ഉച്ചാരണശുദ്ധി കൈവരിക്കാൻ സാധിക്കുന്നു | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | - |
| 5. | സർഗ്ഗാത്മക രചന | സർഗ്ഗശേഷികളുടെ പരിപോഷണം | ഒരു മാസത്തിൽ 2 പ്രാവശ്യം | മലയാളം ടീച്ചർ | HM ടീച്ചർ |

| വിഷയം - ഇംഗ്ലീഷ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | ഇംഗ്ലീഷ് അസംബ്ലി | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് മനസ്സിലാക്കാനും ഉച്ചാരണശുദ്ധ കൈവരിക്കുവാനും സാധിക്കുന്നു. | ആഴ്ചയിൽ 2 ദിവസം | ക്ലാസ്ടീച്ചർ | - |
| 2. | ഇംഗ്ലീഷ് ഡയറി | ഡയറി എഴുത്ത് പരിശീലിക്കാനും, ഓർമ്മ ശക്തി വർദ്ധിപ്പിക്കാനും സാധിക്കുന്നു | എല്ലാ ദിവസവും | ക്ലാസ്ടീച്ചർ | രക്ഷകർത്താവ് |
| 3. | ഇംഗ്ലീഷ് തിയറ്റർ | സർഗാത്മക പ്രവർത്തനങ്ങളിലൂടെ ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കുവാൻ സാധിക്കുന്നു. | രണ്ട് ആഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | PTA |
| 4. | ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുന്നു | ഒരു ടേമിൽ ഒരു പ്രാവശ്യം | HM, ഇംഗ്ലീഷ് ടീച്ചർ, PTA | PTA |
| 5. | ഇംഗ്ലീഷ് കോർണർ | ഇംഗ്ലീഷ് പുസ്തകങ്ങൾ വായിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു | എല്ലാ ദിവസവും | ഇംഗ്ലീഷ് ടീച്ചർ | HM/PTA |

| വിഷയം - ഹിന്ദി | | | | | |
| --- | --- | --- | --- | --- | --- |
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | യു.പി.തലത്തിൽ മുഴുവൻ കുട്ടികൾക്കും ഹിന്ദി വായിക്കാൻ സാധിക്കണം | കഥാപുസ്തകങ്ങൾ സമാഹരിച്ച് ഗ്രന്ഥശാല ഒരുക്കൽ. വർണ്ണചിത്രങ്ങളും വലിയ അക്ഷരങ്ങളുമുള്ള കഥാബുക്കുകൾ, ചിത്രകഥകൾ, ബാലമാസികകൾ എന്നിവ ശേഖരിക്കും. | മാസത്തിൽ 1 വീതം | ഹിന്ദി ക്ലബ് | - |
| 2. | ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം കവിതാലാപനം-ദൃശ്യാവിഷ്കാരം | മാസത്തിൽ 1 വീതം | V, VI, VII | |
| 3. | ദിനാചരണങ്ങൾ | പരിസ്ഥിതിദിനം, ശിശുദിനം തുടങ്ങിയ പ്രാധാന്യമുള്ള ദിവസങ്ങളിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. ഹിന്ദിദിനം ഹിന്ദി ക്ലബിന്റെ നേതൃത്വത്തിൽ ഭംഗിയായി ആഘോഷിക്കും. | | ഹിന്ദി ക്ലബ് | |
| 5. | അസംബ്ലി | ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. പ്രാർത്ഥന, പ്രതിജ്ഞ വാർത്താ പാരായണം, ജന്മദിനാശംസ എന്നിവ ഹിന്ദിയിൽ നടത്തും. അവതരണത്തിനുള്ള അവസരം എല്ലാ കുട്ടികൾക്കും ലഭ്യമാക്കും. | അധ്യയന വർഷം മുഴുവൻ | ഹിന്ദി ക്ലബ് | |
| 6. | വിവര സാങ്കേതിക വിദ്യ | ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യ ശ്രവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവര സാങ്കേതിക വിദ്യ വിനിയോഗിക്കും | അധ്യയന വർഷം മുഴുവൻ | | |

| വിഷയം - ഗണിതം | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | ഗണിതപാർക്ക് | ഗണിതം മധുരതരമാക്കൽ | ഒരു പ്രാവശ്യം | കണക്ക് പഠിപ്പിക്കുന്ന അധ്യാപകർ | PTA |
| 2. | ശാസ്ത്ര ലാബ് നവീകരിക്കൽ | ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ക്ലാസ് ടീച്ചർ | അധ്യാപകർ |
| 3. | ഗണിതലാബ് സജ്ജീകരിക്കൽ | ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ആവശ്യാനുസരണം | കണക്ക് പഠിപ്പിക്കുന്ന അധ്യാപകർ | അധ്യാപകർ |
| 4. | ഒറിഗാമി ശില്പശാല | രസകരമായ ഗണിത ശാസ്ത്രപഠനവും | വർഷത്തിൽ ഒരു പ്രാവശ്യം | SREG | HM and PTA |

| വിഷയം - ശാസ്ത്രം | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | ശാസ്ത്രത്തിൽ താൽപര്യം വളർത്തുക | പരീക്ഷണങ്ങളിലൂടെ ശാസ്ത്രാഭിരുചി വളർത്തുന്നു | പ്രതിമാസ പരിപാടി | സയൻസ് ക്ലബ് | |
| 2. | ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവ തരംതിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |
| 3. | ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രം ജനനന്മയ്ക്ക് എന്ന് കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ് | 2000/- പി.ടി.എ. |
| 4. | ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠന യാത്രകൾ. | വർഷത്തിൽ 2 യാത്രകൾ | സയൻസ് ക്ലബ് പി.ടി.എ. | 5000/- |
| 5. | ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | മെഡിക്കൽ ക്യാമ്പ് | വർഷത്തിൽ 1 പ്രാവശ്യം | എച്ച്.എം. പി.ടി.എ. | 5000/- (സ്പോൺസർഷിപ്പ്) |

| വിഷയം - കലാവിദ്യാഭ്യാസം | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | ചിത്രരചനയിൽ പ്രാവീണ്യം നേടൽ | ചിത്രരചനാ പരിശീലനം ക്ലാസിൽ | ആഴ്ചയിൽ 2 പീരിയഡ് | കലാ അധ്യാപകൻ | |
| 2. | കലകൾക്ക് പ്രാധാന്യം കൊടുത്ത് പരിശീലനം | കലാവാസനകൾക്ക് പരിപോഷണം | ആഴ്ചയിൽ 1 ദിവസം | കലാ അധ്യാപകൻ ക്ലബ് | |

| വിഷയം - സാമൂഹ്യശാസ്ത്രം | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | ഡിബേറ്റ് | ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനം രൂപീകരിക്കുക. | മാസത്തിൽ ഒന്നുവീതം | SREG | |
| 2. | മോക്ക് പാർലമെന്റ് | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | 5 എണ്ണം | സ്കൂൾ പാർലമെന്റ് | |
| 3. | സാമൂഹ്യ ശാസ്ത്ര ലൈബ്രറി കോർണർ | സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ് | |

## വിഷയം - കായിക പരിശീലനം

| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|---|
| 1. | കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം നൽകുന്നു. ലഘു ഭക്ഷണം നൽകുന്നു. | ആഴ്ചയിൽ 2 ദിവസം | കായിക അധ്യാപകൻ, പി.ടി.എ. | 3000/- പി.ടി.എ. |
| 3. | സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപജില്ലാതലം, ജില്ലാതലം വിജയികൾക്ക് സമ്മാനം നൽകൽ. | ഓരോ തലത്തിലെയും മത്സരങ്ങൾക്ക് ശേഷം | എച്ച്.എം. കായിക അധ്യാപകൻ | 2000/- സ്പോൺസർഷിപ്പ് |

| വിഷയം - പച്ചക്കറിത്തോട്ടം | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | കൃഷിയോടുള്ള ആഭിമുഖ്യം വളർത്തൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | വർഷം മുഴുവൻ | മേഴ്സി ടീച്ചർ പരിസ്ഥിതി ക്ലബ് | 3000/- കൃഷി വകുപ്പ് |
| 2. | പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക | ജൈവവൈവിധ്യ പാർക്ക് | വർഷം മുഴുവൻ | കുട്ടികളും അധ്യാപകർ | 2000/- |

| പി.ടി.എ., എം.പി.ടി.എ. - സർഗോത്സവം | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | അധ്യാപക രക്ഷാ കർത്തൃ ബന്ധം ശക്തമാക്കുക | പി.ടി.എ., മദേഴ്സ് ഫോറം, അധ്യാപകർ എന്നിവർ സംയുക്ത മായി വിവിധ കലാപരി പാടികൾ അവതരിപ്പി ക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ., എം.പി.ടി.എ. എസ്.ആർ. ജി. | |

| ക്ലാസ് - പി.ടി.എ. - സജീവമാക്കൽ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | ക്ലാസ് പി.ടി.എ. കൃത്യമായ അജണ്ട വച്ച് എല്ലാം മാസം ചേരൽ | കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | - |
| 2. | പഠന പുരോഗതി പരിശോധിക്കൽ. മികവുകളുടെ അവതരണം പൊതുചർച്ച | | | | |

| പോഷകാഹാര പരിപാടി | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | എല്ലാ പ്രവൃത്തി ദിവസങ്ങളിൽ | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്എം, പി.ടി.എ. | 50,000/- |

| ജന്മദിനത്തിനൊരു പുസ്തകം | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
| 1. | കുട്ടികൾ രക്ഷ കർത്താക്കളുടെ സഹായത്തോടെ ഒരു പുസ്തകം ഗ്രന്ഥശാലയി ലേക്ക് തരുന്നു. | ക്ലാസ് ലൈബ്രറിയുടെ നവീകരണം | എല്ലാ ജന്മ ദിനങ്ങളിലും | ക്ലാസ് ടീച്ചർ ക്ലാസ് ലീഡർ | |

| മികവുകൾ നേട്ടങ്ങൾ | |
|---|---|
| നടപ്പുവർഷം | മുൻവർഷം |
| ❖ മുഴുവൻ കുട്ടികളുടെയും ഭവന സന്ദർശനം<br>❖ അടുത്തുള്ള നഴ്സറികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്രിസ്മസ് ആഘോഷങ്ങൾ<br>❖ പച്ചക്കറിത്തോട്ടം<br>❖ മഴക്കുഴി<br>❖ സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ<br>❖ ഔഷധത്തോട്ടം പരിപാലനം<br>❖ ജൈവവൈവിധ്യ പാർക്ക്, ഉദ്യാനം | ❖ ഔഷധത്തോട്ടം<br>❖ നഴ്സറികളെ ഉൾപ്പെടുത്തി ആഘോഷങ്ങൾ<br>❖ സംസ്കൃത സ്കോളർഷിപ്പ് പങ്കെടുത്ത എല്ലാവർക്കും. സബ്ജില്ലയിൽ ഏറ്റവും കൂടുതൽ പേർക്ക്<br>❖ ദിനാഘോഷങ്ങൾ |